**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനവും ശുചിത്വ മിഷനും കെൽട്രോണും തമ്മിൽ ഒപ്പുവയ്ക്കേണ്ട മാതൃകാ ട്രൈപാർട്ടി എഗ്രിമെന്റിന് അംഗീകാരം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.493/2022/LSGD** തീയതി,തിരുവനന്തപുരം, **02-03-2022**

---

പരാമർശം:-

1. 21.10.2020 - ലെ GO(Rt) No.1967/2020/LSGD നമ്പർ ഉത്തരവ്.
2. 18.11.2021 ലെ സ.ഉ(സാധാ) നം. 2307/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
3. 3.01.2022 ലെ സ.ഉ(സാധാ) നം. 173 /2022 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.02.2022-ലെ 2894/D1/2020/SM നമ്പർ കത്ത്.

**ഉത്തരവ്**

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി, പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം, സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ സേനകൾക്ക് സ്മാർട്ട് ഫോൺ, സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (2) പ്രകാരവും ഹരിത കർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീചാർജ്ജ് ചെയ്യുന്നതിന് ഒരു വർഷ കാലയളവിലേക്ക് ആവശ്യമായി വരുന്ന തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (3) പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

3. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും കെൽട്രോണും തമ്മിൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് എന്നും ഹരിത മിത്രം പദ്ധതിക്ക് ഫണ്ട് വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും കെൽട്രോണും തമ്മിൽ ട്രൈപാർട്ടി എഗ്രിമെന്റ് വയ്ക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാമർശം (2)-ൽ പരാമർശിച്ചിട്ടുള്ള വിവിധ ഘടകങ്ങളിലെ തുക കെൽട്രോണിന് കൈമാറേണ്ടതുമുണ്ട് എന്നതിനാൽ ശുചിത്വ മിഷനും ഹരിതകേരളം മിഷനും സംയുക്തമായി തയ്യാറാക്കിയ മാതൃക ട്രൈ പാർട്ടി എഗ്രിമെന്റിന് (മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കുള്ളത്) അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനവും ശുചിത്വ മിഷനും കെൽട്രോണും തമ്മിൽ ഒപ്പുവയ്ക്കേണ്ട ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്കുള്ള മാതൃകാ ട്രൈപാർട്ടി എഗ്രിമെന്റിന് അംഗീകാരം നൽകിയും പദ്ധതി

നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**i)** പരാമർശം (2) ലുള്ള സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് ഘടകങ്ങളിൽ വകയിരുത്തിയ തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെൽട്രോണിന് കൈമാറേണ്ടതാണ്.

**ii)** പരാമർശം (2), പരാമർശം (3) എന്നിവ പ്രകാരം ക്യൂആർ കോഡ് പ്രന്റിംഗ്, ലാപ്ടോപ് വാങ്ങൽ, ഹരിത കർമ്മ സേനക്ക് ഫോൺ റീചാർജ്ജിംഗ് എന്നീ ഘടകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചട്ട പ്രകാരം നേരിട്ട് ചെലവഴിക്കേണ്ടതാണ്.

**iii)** ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ ട്രൈപാർട്ടി കരാറിൽ ഒപ്പു വയ്ക്കേണ്ടതാണ് .

**iv)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വാർഡിൽ രണ്ടിലധികം ഹരിത കർമ്മ സേനാംഗങ്ങളെയോ, ഒരു വാർഡിൽ യൂസർമാരായി ഒന്നിലധികം ഹരിത കർമ്മ സേനാംഗങ്ങളെയോ നിയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഒരു വാർഡിൽ നിന്നും ഒന്നിലധികം ഹരിത കർമ്മ സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ റീചാർജ്ജ് ചെയ്യുന്നതിന് ഭരണ സമിതിയുടെ അനുമതിയോടെ തുക അനുവദിക്കാവുന്നതാണ്.

**v )** സ്വന്തമായി സ്മാർട്ട് ഫോൺ ഇല്ലാത്ത ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെയോ സി.എസ്.ആർ.ഫണ്ടുകളിലൂടെയോ തുക കണ്ടെത്തി ഫോൺ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**vi)** സ്മാർട്ട് ഫോൺ ഉപയോഗിക്കുവാൻ അറിയാത്ത സേനാംഗങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഷയ വിദഗ്ധർ മുഖേന പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ കെൽട്രോണിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത്ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെൽട്രോൺ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്